**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **01-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ പദ്ധതി നിർവ്വഹണ സ്ഥാപനമായി നിയമിച്ചുകൊണ്ട് അങ്കമാലി ബൈപ്പാസിന് 27.09.2016 ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി 190.16 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൂമ് ഏറ്റെടുക്കുന്നതിന് വേണ്ടി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, എറണാകുളം ജില്ലാകളക്ടർ മുമ്പാകെ 17.02.2018-ന് അർത്ഥന സമർപ്പിച്ചതിനെത്തുടർന്ന് , 20.03.2018-ന് സ്പെഷ്യൽ തഹസിൽദാർ( കിഫ്ബി, എൽ.എ) എറണാകുളത്തിനെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും. |
| (ബി) | ഇതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് പൂർത്തീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും | (സി) | നിലവിൽ റോഡ് നിർമ്മാണം 64 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ് ചെയിനേജ് 0/200 മുതൽ 13/000 വരെയും ബ്ലാച്ചിപ്പാറ - പാലിശ്ശേരി റോഡ് 0/00 മുതൽ 6/050 (ചെയിനേജ് 2/380 മുതൽ 4/000 |

| | | | |
|---|---|---|---|
| | തരത്തിലുള്ള ആക്ഷേപം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | | ഒഴികെ) ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തീകരിക്കുന്ന രീതിയിലാണ് പ്രവൃത്തി പുരോഗമിക്കുന്നത്.<br><br>ബ്ലാച്ചിപ്പാറ - പാലിശ്ശേരി റോഡ് ചെയിനേജ് 2/380 മുതൽ 4/000 വരെ ഡിപിആർ പ്രകാരം 5.75 മീ. വീതിയിലുള്ള ROW, 8 മീ. ആയി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. KSTP പദ്ധതികളുടെ റിവ്യൂ പൊതുമരാമത്ത് വകുപ്പ് മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണത്തിലെ കാലതാമസവും പരാതികളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ